Room – 717– Assembly Building 2.00pm–3.30pm

## സെഷൻ 1– മേഖലാടിസ്ഥാനത്തിലുള്ള ചർച്ച: യൂറോപ്പും വടക്കേ അമേരിക്കയും

### പ്രധാന നിർദ്ദേശങ്ങൾ

1. മുൻകാലത്തു നിന്നു വ്യത്യസ്തമായി ഐടിഐ, പോളിടെക്നിക്ക് ഉൾപ്പെടെയുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾ കഴിഞ്ഞവർക്ക് ജർമനിയിൽ ജോലി ലഭിക്കുന്നതിന് ഇപ്പോൾ ഉയർന്ന സാദ്ധ്യതയുണ്ട്. എന്നാലിതിന് ജർമൻ ഭാഷ അറിയേണ്ടത് ആവശ്യമാണ്. റഷ്യ, നോർവേ പോലുള്ള സ്ഥലങ്ങളിലെ തൊഴിൽ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനും ഭാഷ അറിയേണ്ടത് ആവശ്യമാണ്. സാഹചര്യത്തിൽ വിദേശ ഭാഷകളിലുള്ള പരിശീലനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. അതോടൊപ്പം അവരുടെ Qualification നുള്ള അക്രഡിറ്റേഷൻ നൽകുന്നതിനും നടപടി സ്വീകരിക്കണം.
2. പ്ലാസ്റ്റിക് നിരോധനം പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ എയർ പോർട്ടുകളിൽ തന്നെ ശുചിത്വ സന്ദേശം ആലേഖനം ചെയ്ത തുണി കൊണ്ടുള്ള ബാഗുകൾ വിതരണം ചെയ്യുന്നത് ഇവിടേയ്ക്ക് എത്തുന്ന എല്ലാവരിലേക്കും ഈ സന്ദേശം എത്തിക്കാൻ സഹായിക്കും.
3. ധാരാളം ഭാരതീയർ (പ്രത്യേകിച്ചും വിദ്യാർത്ഥികൾ) എത്തുന്ന ജോർജ്ജിയയിൽ ഇന്ത്യൻ എമ്പസി തുടങ്ങുന്നതിന് നടപടി സ്വീകരിക്കണം.
4. അസർബൈജാൻ, റഷ്യ തുടങ്ങിയ പ്രദേശങ്ങളിലെ ടൂറിസം മേഖലയിലും, മെഡിക്കൽ മേഖലയിലുമുള്ള അവസരങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കണം.
5. റിക്രൂട്ടിങ് രംഗത്തെ വഞ്ചനകൾ പല രാജ്യങ്ങളിൽ നിന്നും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. ഇതു തടയുന്നതിനു നടപടി സ്വീകരിക്കണം.
6. പ്രവാസികൾക്ക് കേരളത്തിലെ തങ്ങളുടെ ഭൂമി സംബന്ധമായ ആവശ്യങ്ങൾക്കും മറ്റാവശ്യങ്ങൾക്കും ആധാർ കാർഡും പാൻകാർഡും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയോ അവ ആവശ്യപ്പെടുന്നത് ഒഴിവാക്കുകയോ ചെയ്യണം.
7. ഏവിയേഷൻ മേഖലയിലെ തൊഴിലവസരങ്ങൾക്കായി KTU യിൽ പുതിയ കോഴ്സുകൾ ആരംഭിക്കണം. അതുപോലെ ഡാറ്റാ സയൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയിലെ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.
8. പ്രവാസികളുടെ വൃദ്ധമാതാപിതാക്കളുടെ സംരക്ഷണത്തിനായി റിട്ടയർമെന്റ് ഹോം സംവിധാനങ്ങൾ ലഭ്യമാക്കണം. ഇത് ഗാർഡൻ ഓഫ് ലൈഫ് എന്ന പേരിൽ എ, ബി, സി കാറ്റഗറിയിൽ പണം സ്വീകരിച്ചുകൊണ്ട് താമസ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും തുടർന്ന ഫീഡ് ബാക്ക് നോക്കി പദ്ധതി വ്യാപിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുന്നതും ഉചിതമാണ്.
9. കേരളത്തിലെ വിവിധ മേഖലയിൽ നിക്ഷേപം നടത്തുന്നതിന് നോർക്കയുടെ സഹായത്തോടെ ഇൻവെസ്റ്റ് ഇൻ കേരള എന്ന പേരിൽ അവസരങ്ങൾ

സൃഷ്ടിക്കണം.

10. കേരളത്തിൽ ചെറുകിട നിക്ഷേപങ്ങൾ നടത്തുന്നതിനുള്ള പ്രചരണത്തിനായി ലോക കേരള സഭയിൽ പങ്കെടുക്കുന്ന പ്രതിനിധികളെ അവർ പ്രതിനിധാനം ചെയ്യുന്ന രാജ്യത്ത് കേരളത്തിന്റെ അംബാസിഡർമാരായി പ്രവർത്തിക്കാൻ നടപടി സ്വീകരിക്കണം.

11. പ്രവാസികളുടെ കൃത്യമായ വിവരങ്ങൾ അറിയുന്നതിനുള്ള ഒരു ഡാറ്റാ ബേസ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കണം.

12. പ്രളയാനന്തര പുനരധിവാസത്തിന് പ്രവാസികൾക്ക് പങ്കാളികളാകുന്നതിന് വിവിധ മേഖലകൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമാക്കണം.

13. യൂറോപ്പിൽ ലോക കേരള സഭയുടെ ഒരു റീജിയണൽ യോഗം സംഘടിപ്പിക്കുന്നതിനും ആ രാജ്യത്തെ ഭരണാധികാരികളെ അതിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

14. ലോക കേരള സഭാ പ്രതിനിധികൾക്ക് ഐ.ഡി. നൽകുന്നതിന് നടപടി സ്വീകരിക്കണം.